# ഭൗമ ഉച്ചകോടി – 2002: പാഴായ മഹാമേള

ഡോ. എ. ബിജുകുമാർ

1992-ലെ റിയോ ഭൗമ ഉച്ചകോടിയിൽ അംഗീകരിക്കപ്പെട്ട സുസ്ഥിര വികസനത്തിനായുള്ള കർമ്മ പദ്ധതി (അജണ്ട 21) നടപ്പിലാക്കിയതിലെ പുരോഗതി വിലയിരുത്താനും പുതിയ നൂറ്റാണ്ടിൽ സുസ്ഥിര വികസനം യാഥാർത്ഥ്യമാകുന്നതിലേക്കായുള്ള പദ്ധതികൾ രൂപപ്പെടുത്താനുമുള്ള അവസരമായാണ് ജോഹന്നാസ്ബർഗിൽ നടന്ന രണ്ടാം ഭൗമ ഉച്ചകോടിയെ ലോകം ഉറ്റുനോക്കിയത്. പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ലോകത്തിലെ രാഷ്ട്രത്തലവന്മാരും പ്രതിനിധികളും ജോഹന്നാസ്ബർഗിൽ ഒത്തുചേർന്നപ്പോൾ സ്വാഭാവികമായും പരിസ്ഥിതി സ്നേഹികൾ പ്രതീക്ഷിച്ചത് സുസ്ഥിരവികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഉതകുന്ന രീതിയിലുള്ള തീരുമാനങ്ങളാണ്. എന്നാൽ പരിസ്ഥിതി നാശം, ദാരിദ്ര നിർമ്മാർജ്ജനം, ജൈവ വൈവിദ്ധ്യ സംരക്ഷണം തുടങ്ങിയ സുപ്രധാന പ്രശ്നങ്ങളിൽ സുചിന്തിതമായ തീരുമാനങ്ങൾ എടുക്കാനുള്ള ദീർഘവീക്ഷണമോ രാഷ്ട്രീയ ഇച്ഛാശക്തിയോ പങ്കെടുത്ത നേതാക്കൾക്ക് ഉണ്ടായില്ല എന്നതാണ് സത്യം. സുപ്രധാനമായ തീരുമാനങ്ങൾ വെള്ളം ചേർക്കപ്പെടുകയോ മാറ്റിവയ്ക്കപ്പെടുകയോ ആണുണ്ടായത്. പരിസ്ഥിതി രംഗത്ത് വികസിത വ്യവസായ വൽകൃത(വടക്കൻ) രാജ്യങ്ങളുടേയും ബഹുരാഷ്ട്രകുത്തക കമ്പനികളുടേയും സ്വാധീനം ഒരിക്കൽക്കൂടി വ്യക്തമായ ഒരു ഉച്ചകോടിയായി ഇത്.

### വാഗ്ദാനം വിഴുങ്ങി ദാരിദ്ര്യം അകറ്റാം

ധനിക രാഷ്ട്രങ്ങളും ദരിദ്ര രാഷ്ട്രങ്ങളും തമ്മിലും ധനികരും ദരിദ്രരും തമ്മിലുമുള്ള വിടവ് വർദ്ധിച്ചുവരുന്നതാണ് ആഗോളവൽക്കരണത്തിന്റെ അനുഭവ പാഠം. ലോകജനതയുടെ ഇരുപത് ശതമാനം പ്രതിദിനം ഒരു ഡോളറിനു താഴെ മാത്രം വരുമാനമുള്ളവരും കൊടിയ ദാരിദ്ര്യത്തിൽ കഴിയുന്നവരുമത്രേ. വികസിത രാജ്യങ്ങളിലെ പതിനഞ്ച് ശതമാനം ജനതയാണ് ഭൂമിയിൽ ലഭ്യമായ വിഭവങ്ങളുടെ അമ്പത്തിയാറ് ശതമാനം ഉപയോഗിക്കുന്നത്. ലോകത്തെ നൂറ് കോടി ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളവും ആവശ്യത്തിനുള്ള ശുചിത്വ സൗകര്യങ്ങളും ലഭ്യമല്ല. മൂന്നാം ലോക രാജ്യങ്ങളിൽ ജനിക്കുന്ന കുട്ടികളിൽ എട്ട് ശതമാനമെങ്കിലും അഞ്ച് വയസ്സാകുന്നതിനു മുമ്പ് മരണപ്പെടുന്നു. പ്രസ്തുത രാജ്യങ്ങളിലെ നൂറ്റിപ്പതിമൂന്ന് ബില്ല്യൺ കുട്ടികൾ പ്രൈമറി സ്കൂൾ പഠനത്തിനു തന്നെ എത്തുന്നില്ല. (ഇതിൽ അറുപത് ശതമാനം പെൺകുട്ടികളാണ്) പോഷകാഹാരക്കുറവ് അനുഭവിക്കുന്ന എണ്ണൂറ്റിപ്പതിനഞ്ച് ദശലക്ഷം ജനങ്ങളിൽ എഴുനൂറ്റി എഴുപത്തിയേഴ് ദശലക്ഷം പേർ മൂന്നാംലോക രാജ്യങ്ങളിലാണ്. ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യവികസന റിപ്പോർട്ടിൽ വെളിവാക്കിയിരിക്കുന്ന വിവരങ്ങളാണിവ.

വസ്തുതകൾ ഇതായിരിക്കെ തങ്ങളുടെ അമിത ഉപഭോഗമാണ് മൂന്നാം ലോക രാജ്യങ്ങളിലെ പ്രകൃതി വിഭവ നാശത്തിനും പട്ടിണിക്കും ഒരു കാരണമെന്ന് അംഗീകരിക്കാൻ വികസിത രാജ്യങ്ങൾ ഇതുവരെ തയ്യാറായിട്ടില്ല. ദാരിദ്രനിർമ്മാർജ്ജനത്തിന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പദ്ധതികളൊക്കെയും കടലാസിൽ മാത്രമായിരിക്കുന്നു. പദ്ധതികളിൽ പലതും സാമ്പത്തിക പരാധീനത മൂലം പൂർത്തീകരിക്കാൻ കഴിയാത്ത നിലയിലുമാണ്.



അമേരിക്കയും യൂറോപ്യൻ യൂണിയനും മറ്റും തങ്ങളുടെ കാർഷികോല്പന്നങ്ങൾക്ക് വൻതോതിൽ സബ്സിഡി നൽകി ലോകവിപണിയിൽ എത്തിക്കുന്നതിനാൽ മൂന്നാം ലോകരാജ്യങ്ങൾക്ക് അവിടെ മത്സരിക്കാൻ കഴിയാത്ത നിലയിലാണ്. ജോഹന്നാസ്ബർഗ് ഉച്ചകോടിയിൽ തങ്ങളുടെ രാജ്യത്ത് നിന്നും 'ബയോടെക് കോൺ' ഇറക്കുമതി ചെയ്യാൻ ആഫ്രിക്കൻ രാജ്യങ്ങൾ വിസമ്മതിച്ചതിനെ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി വിമർശിക്കുകയും ആഫ്രിക്കൻ രാജ്യങ്ങളിലെ പട്ടിണിക്കു കാരണം സർക്കാരുകൾ പിന്തുടരുന്ന ഭ്രപരിഷ്കരണ നയങ്ങളാണെന്ന് സമർത്ഥിക്കുകയും ചെയ്തു. ഇത് മൂന്നാംലോക രാജ്യങ്ങളുടെ വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കി. വടക്കൻ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പുതിയ ഉല്പന്നങ്ങൾ പരീക്ഷിച്ചു നോക്കാനുള്ള കമ്പോളം മാത്രമാണ് ദരിദ്രരാഷ്ട്രങ്ങൾ.

ആഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങളിൽ പകുതി പേർക്കെങ്കിലും രണ്ടായിരത്തി പതിനഞ്ചോടു കൂടി ശുചിത്വ സൗകര്യം ലഭ്യമാക്കുമെന്ന ഉറപ്പാണ് ജോഹന്നാസ്ബർഗ് ഉച്ചകോടിയുടെ പ്രധാന നേട്ടമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ദാരിദ്ര നിർമ്മാർജ്ജനത്തിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള പല പദ്ധതികളും സഹായ വാഗ്ദാനങ്ങളും ഉച്ചകോടിയിൽ ഉണ്ടായിട്ടുണ്ടെങ്കിലും മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇവയൊക്കെ കേവലം ഇംഗിത പ്രകടനങ്ങളായി മാറുമോ എന്ന സംശയം ബാക്കി നിൽക്കുന്നു.

### ഊർജ്ജം കാലാവസ്ഥ

ലോകത്തെ ഊർജ്ജ ഉപഭോഗം രണ്ടായിരത്തി അമ്പതോടുകൂടി ഇരട്ടിയാകുമെന്നതാണ് കണക്ക്. ഫോസിൽ ഇന്ധനങ്ങളുടെ വ്യാപകമായ ഉപഭോഗം ആഗോളകാർബൺ ബഡ്ജറ്റിനെ പ്രതികൂലമായി ബാധിക്കുകയും ഹരിതഗൃഹ വാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ ഏറെ വർദ്ധിപ്പിക്കുകയും ചെയ്യും. വികസിത രാജ്യങ്ങളിലെ വാർഷിക പ്രതിശീർഷ ഊർജ്ജ ഉപഭോഗം ശരാശരി 6. 4 ടൺ എണ്ണയുടേതിന് സമാനമാണെങ്കിൽ മൂന്നാം ലോക രാജ്യങ്ങളിൽ അത് 6. 62 ടൺ മാത്രമാണ്.

ആഗോളതാപനത്തിന് കാരണക്കാരായ ഹരിതഗൃഹ വാതകങ്ങളുടെ ഉത്സർജ്ജനത്തിന്റെ സിംഹഭാഗവും വ്യവസായ വൽകൃത രാജ്യങ്ങളുടെ സംഭാവനയാണ്. 2008-2012ഓടുകൂടി ഹരിതഗൃഹ വാതകങ്ങളുടെ ഉത്സർജ്ജനം 1990ലെ അളവിന്റെ 5. 2 ശതമാനം കണ്ട് കുറയ്ക്കാമെന്ന് കാലാവസ്ഥാ വ്യതിയാന നിയന്ത്രണം സംബന്ധിച്ച ക്യോട്ടോ ഉടമ്പടിയിൽ ഒപ്പു വച്ച രാജ്യങ്ങൾ സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും കൂടുതൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന അമേരിക്കയടക്കമുള്ള രാജ്യങ്ങൾ ഈ ഉടമ്പടി അംഗീകരിച്ചിട്ടില്ല. (അമേരിക്കൻ പ്രസിഡന്റിന്റെ അഭിപ്രായപ്രകാരം അമേരിക്കൻ ജനത അവരുടെ ജീവിത രീതികളിൽ വിട്ടുവീഴ്ചക്ക് തയ്യാറല്ല എന്നു മാത്രമല്ല കാലാവസ്ഥാമാറ്റമെന്നത് ഇനിയും പൂർണ്ണമായും സ്ഥിരീകരിക്കാനാകാത്ത പ്രതിഭാസവുമാണത്രെ. മൂന്നാം ലോക രാജ്യങ്ങളിലെ ജനപ്പെരുപ്പവും ചതുപ്പുനിലങ്ങളിൽ നിന്നും മറ്റും ഉയർന്നു പൊങ്ങുന്ന മീഥേനും കാട്ടുതീ, വിറകു കത്തിക്കൽ തുടങ്ങിയവ കൊണ്ടുള്ള കാർബൺഡൈ ഓക്സൈഡ് ഉത്സർജ്ജനവുമാണ് വൻതോതിൽ കാലാവസ്ഥാവ്യതിയാനങ്ങൾക്ക് കാരണമാകുന്നതെന്ന് അവർ കണ്ടെത്തുകയും ചെയ്തിരിക്കുന്നു.) നിയമാനുസരണം മൊത്തം ഹരിതഗൃഹവാതക ഉത്സർജ്ജനത്തിന്റെ അമ്പത്തിയഞ്ച് ശതമാനത്തിന് കാരണക്കാരായ രാജ്യങ്ങളിൽ അമ്പത്തിയഞ്ച് ശതമാനമെങ്കിലും ഒപ്പു വച്ചാൽ മാത്രമേ ക്യോട്ടോ ഉടമ്പടി നിലവിൽ വരൂ. ചുരുക്കത്തിൽ വ്യവസായ വൽകൃത രാജ്യങ്ങൾ ഏറിയ പങ്കും ഉടമ്പടി അംഗീകരിക്കണമെന്ന് സാരം.

ജോഹന്നാസ്ബർഗ് ഉച്ചകോടിയിൽ റഷ്യ, കാനഡ, ചൈന എന്നീ രാജ്യങ്ങൾ ക്യോട്ടോ ഉടമ്പടിയിൽ ഒപ്പു വയ്ക്കാമെന്ന് സമ്മതിച്ചത് പ്രതീക്ഷക്ക് വക നൽകുന്നു.

(തുടരും)